(ബി) അതിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ എത്ര;

(സി) കേന്ദ്ര സിൽക്ക് ബോർഡിൽ നിന്നും എത്ര പേർ ഡെപ്യൂട്ടേഷനിൽ ഇവിടെ ജോലിനോക്കുന്നുണ്ട്;

(ഡി) നാളിതുവരെയായി സെൻട്രൽ സിൽക്ക് ബോർഡിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 326 ജീവനക്കാരുണ്ട്.

(ബി) 28 പേർ.

(സി) 11 പേർ.

(ഡി) സെൻട്രൽ സിൽക്ക് ബോർഡിൽനിന്ന് വിവിധ കാലയളവിൽ സെറിഫെഡിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് 29-2-2000 വരെ 46.52 ലക്ഷം രൂപ ചെലവഴിച്ചു.

50 (2198) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിലെ ജീവനക്കാർക്ക് ഏറ്റവും അവസാനം ശമ്പള പരിഷ്ക്കരണം നൽകിയത് എന്നാണ്;

(ബി) സെറിഫെഡ് ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1995-ൽ സെറിഫെഡ് രൂപീകരിച്ചപ്പോൾ അനുവദിച്ച ശമ്പള സ്കെയിലുകളാണ് ഇപ്പോഴും നിലവിലുള്ളത്.

(ബി)&(സി) സെറിഫെഡിൽ നേരിട്ടു നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ, കേസ്സിൽ തീരുമാനമാകുന്ന മുറയ്ക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

51 (2199) സെറിഫെഡിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ മാനേജർ തസ്തികയിൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്ന ആളെ ഈ തസ്തികയിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly